(ബി) എങ്കിൽ ആരെല്ലാമാണ് പ്രതികൾ;

(സി) പ്രതികളെ അറസ്റ്റ് ചെയ്തില്ലെങ്കിൽ ഈ കേസിന്റെ പുരോഗതി ഏതു ഘട്ടത്തിലാണ് എന്ന് പറയുമോ?

ഉത്തരം

(എ)-(സി) ഈ സംഭവവുമായി ബന്ധപ്പെട്ട് മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 691/99 യു/എസ് 363,342,323(11)465 ആർ/ഡബ്ള്യൂ 34 ഐ.പി.സി.നമ്പർ കേസിന്റെ അന്വേഷണത്തിൽ പരാതിയിൽ പറയുന്ന കാര്യങ്ങൾ ശരിയല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കേസ് ''മിസ്റ്റേക്ക് ഓഫ് ഫാക്റ്റ്'' ആയി പരിഗണിച്ച് 30-1-2000ൽ തീർപ്പാക്കിയിട്ടുള്ളതും ഈ സാഹചര്യത്തിൽ ആരേയും അറസ്റ്റ് ചെയ്യേണ്ടതായി വന്നിട്ടില്ലാത്തതുമാണ്.

വിളവെടുക്കുന്നത് തടസ്സപ്പെടുത്തിയ സംഭവം

83(1566) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പീലിക്കോട് പഞ്ചായത്തിൽ പടുവളം കാനായി ബാലന്റെ കാറളത്തെ 5 ഏക്കർ സ്ഥലത്ത് തൊഴിലാളികളെക്കൊണ്ട് പണി എടുപ്പിക്കുന്നതും വിളവുകൾ എടുക്കുന്നതും തടസ്സപ്പെടുത്തിയതായി പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(സി) ഈ സ്ഥലത്തുനിന്നും നിരന്തരമായി മോഷണം നടത്തുന്നവർക്ക് എതിരെ കേസ് എടുക്കാതിരുന്നതിന്റെ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥലത്ത് പണി എടുപ്പിക്കുവാനും വിളവ് എടുക്കുവാനും നിയമാനുസൃതമായ സംരക്ഷണം നൽകുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിക്കാര്യം തൊഴിൽ തർക്കത്തെ സംബന്ധിക്കുന്നതിനാലും പോലീസിന് നേരിട്ടെടുക്കാവുന്ന കുറ്റമല്ലാത്തതിനാലും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ സംഭവവുമായി ബന്ധപ്പെട്ട് ശ്രീ. കാനായി ബാലൻ നൽകിയ പരാതിയെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ട്.

(സി) മോഷണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

(ഡി) ഇതനുസരിച്ച് പരാതി നൽകിയാൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

മാരകായുധങ്ങൾ കണ്ടെടുത്ത സംഭവം

84 (1567) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly